# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. 779

02.12.2015 - ൽ മറുപടിയ്ക്ക്

## ആലപ്പുഴയിലെ സർക്കാർ ആയുർവേദ ആശുപത്രിയുടെ വികസന പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സി. കെ. സദാശിവൻ | | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ആലപ്പുഴയിലെ സർക്കാർ ആയുർവേദ ആശുപത്രിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | (എ) | ഭാരതീയ ചികിത്സാ വകുപ്പിനു കീഴിൽ ആലപ്പുഴ ജില്ലയിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് ആയുർവേദ ആശുപത്രികളുടെ പ്രവർത്തനങ്ങൾ വകുപ്പ് വിലയിരുത്തിയിട്ടുണ്ട്. ജില്ലയിൽ 11 ആശുപത്രികളാണ് പ്രവർത്തിച്ചുവരുന്നത്. ഏകദേശം 2000 രോഗികൾ ദിനംപ്രതി പ്രസ്തുത സ്ഥാപനങ്ങളിൽ ചികിത്സയ്ക്കായി എത്തുന്നുണ്ട്. |
| (ബി) സ്ഥലസൗകര്യത്തിന്റെ അപര്യാപ്തതമൂലം കാലികമായ വികസന പ്രവർത്തനം നടക്കുന്നില്ലായെന്ന അഭിപ്രായം. പരിശോധിച്ചിട്ടുണ്ടോ ; | (ബി) | ജില്ലാ ആയുർവേദ ആശുപത്രി 50 കിടക്കകളോടുകൂടിയാണ് പ്രവർത്തിച്ചുവരുന്നത്. സ്ഥലപരിമിതി മൂലം അപ്ഗ്രേഡ് ചെയ്യുന്നതിലേയ്ക്ക് ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് സാധിക്കുന്നില്ല. |
| (സി) ആലപ്പുഴ ജനറൽ ആശുപത്രിയോടനുബന്ധിച്ച് ധാരാളം സ്ഥലവും ഒഴിവുള്ള കെട്ടിടങ്ങളും ഉള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br>(ഡി) എങ്കിൽ പ്രസ്തുത സ്ഥലത്തേയ്ക്ക് ആയുർവേദ ആശുപത്രി മാറ്റി സ്ഥാപിക്കുന്നതിനും കാലികമായ പരിഷ്കാരങ്ങളും സൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ ? | (സി) & (ഡി) | ആലപ്പുഴ ജനറൽ ആശുപത്രിയോടനുബന്ധിച്ചിട്ടുള്ള സ്ഥലം ആരോഗ്യ വകുപ്പിന് കീഴിൽ തന്നെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് വിട്ടു നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ